# പാവം പാവം ആന്റേഴ്സൺ

വേൾഡ് ട്രേഡ് സെന്റർ തകർത്തതിന്റെ പ്രേരകശക്തിയെന്ന (ഒരിക്കലും തെളിയിക്കപ്പെട്ടിട്ടില്ലാത്ത) കുറ്റം ചുമത്തി ഒസാമ ബിൻലാദനെ പിടിക്കുന്നതിനുവേണ്ടി നിരാലംബരും പട്ടിണിക്കാരുമായ അഫ്ഗാൻകാരുടെ മേൽ ആക്രമണം നടത്തിയ അമേരിക്കക്കാരോട് അവരെ പിന്തുണക്കുന്ന ഇന്ത്യൻ ഭരണക്കാരോടും അരുന്ധതി റോയ് ഒരു ചോദ്യമുയർത്തി. ഉറങ്ങിക്കിടക്കുന്ന ആയിരക്കണക്കിനു മനുഷ്യരെ കൂട്ടക്കൊല ചെയ്യുകയും പതിനായിരക്കണക്കിനു പേരെ മരണത്തേക്കാൾ ദുരിതമായ ജീവിതത്തിലേക്കെടുത്തെറിയുകയും ചെയ്ത 'ഭോപ്പാൽ വാതകചോർച്ചയ്ക്ക്' ഉത്തരവാദികളായ യൂണിയൻ കാർബൈഡിന്റെ ചെയർമാൻ വാറൻ ആന്റേഴ്സണൾപ്പെടെയുള്ള അമേരിക്കക്കാരെ കോടതിക്കുമ്പിൽ വിചാരണക്കായി വിട്ടുതരാൻ ബുഷ്ഭരണകൂടം തയ്യാറുണ്ടോ എന്ന്.

1987 ഡിസംബർ ഒന്നിന് ഭോപ്പാൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ ഡി.ബി.ഐ കൊടുത്തകേസിലെ പന്ത്രണ്ടു പ്രതികളിൽ ഒരാളാണ് ആന്റേഴ്സൺ. കോടതിയിൽ ആന്റേഴ്സൺ ഹാജരാകാത്തതിനാൽ 'ജാമ്യമില്ലാ വാറണ്ടയക്കാൻ കോടതി ഉത്തരവിട്ടിട്ടുണ്ട്. ഭോപ്പാൽ കമ്പനിയുടെ സുരക്ഷാ സംവിധാനങ്ങൾ അപര്യാപ്തമാണെന്നും അപകടം ഉണ്ടാകുന്ന പക്ഷം അനേകായിരങ്ങൾ മരിക്കാൻ സാദ്ധ്യതയുണ്ടെന്നും 1982 ൽ തന്നെ കമ്പനിയിലെ സാങ്കേതികസംഘം റിപ്പോർട്ടു തയ്യാറാക്കിയിരുന്നു. ഇക്കാര്യം ചെയർമാനായ ആന്റേഴ്സണും അറിയാമായിരുന്നു. അതുകൊണ്ട് 'കുറ്റകരമായ കൂട്ടക്കൊല' അടക്കമുള്ള (ഇന്ത്യൻശിക്ഷാ നിയമം 304 (II) പ്രകാരമുള്ള) കുറ്റങ്ങൾക്ക് കേസെടുത്തിരുന്നത്. കേസിലുൾപ്പെട്ടിരുന്ന ഒമ്പതു ഇന്ത്യക്കാരും ഹാജരായി.

തങ്ങളുടെ മേൽചാർത്തിയിരിക്കുന്ന വകുപ്പുകൾ ലഘൂകരിക്കണമെന്നുള്ള അവരുടെ വാദം കോടതി അംഗീകരിച്ചു. 'അശ്രദ്ധമൂലമുണ്ടായ ഒരപകടം' എന്നാക്കി മാറ്റി (ഇ.ശി.നി. 304 എ). ആദ്യത്തെ വകുപ്പനുസരിച്ചുള്ള ശിക്ഷപരമാവധി പത്തുവർഷം തടവായിരുന്നു. പുതിയവകുപ്പനുസരിച്ച് ഇത് രണ്ടുവർഷം മാത്രം. പിടികിട്ടാത്ത മൂന്നു വിദേശികൾ (ആന്റേഴ്സണടക്കം) ഈ ഇളവിന് അർഹരല്ലെന്ന് 1996 സെപ്തംബറിൽ നൽകിയവിധിയിൽ സുപ്രീംകോടതി വിധിച്ചിരുന്നു.

ഇന്ത്യക്കാരുടെമേലുള്ള കുറ്റം ലഘൂകരിച്ചതിനും സി.ബി.ഐ. എടുത്ത മൃദുവായ സമീപനമായിരുന്നു കാരണം. അവർ കേസിൻവേണ്ട തെളിവുകൾ നൽകിയില്ല. കേസ് ത്വരിതപ്പെടുത്താനൊന്നും ചെയ്തില്ലെന്നു മാത്രമല്ല വൈകിക്കാൻ ചിലതു ചെയ്യുകയും ചെയ്തു. ഭോപ്പാലിലേതുപോലെ മീതൈൽ ഐസോസൈനൈറ്റ് ഉണ്ടാക്കുന്ന ഒരേയൊരു കമ്പനിയേ ലോകത്തുള്ളു. അത് അമേരിക്കയിലെ പടിഞ്ഞാറൻ വെർജീനിയയിലാണ്. അവിടെ നടപ്പാക്കിയിട്ടുള്ള സുരക്ഷാ സംവിധാനങ്ങളൊന്നും ഭോപ്പാലിലില്ലെന്ന കാര്യം വ്യക്തമാക്കുന്ന ഡോക്യുമെന്ററി ചിത്രം ബ്രിട്ടനിലെ ഗ്രനഡാ ടെലിവിഷൻ തയ്യാറാക്കിയിരുന്നു. ഇതൊന്നും സി.ബി.ഐ കോടതിയിൽ പറഞ്ഞില്ല. കമ്പനിയുടെ ചെയർമാനെന്നനിലയ്ക്ക് ആന്റേഴ്സൺ ഇതെല്ലാമറിഞ്ഞിരുന്നുവെന്നതിനു തെളിവുണ്ട്. അതുകൊണ്ടാണ് ഇവരുടെ കുറ്റം ഇളവുചെയ്യാൻ സുപ്രീം കോടതിതയ്യാറാകാതിരുന്നത്.

2001 ആഗസ്റ്റ് ആറിന് അറ്റോണിജനറൽ ഇന്ത്യയുടെ വിദേശകാര്യവകുപ്പിനു നൽകിയ ഒരു കത്തിൽ നിന്നാണ് തുടക്കം. ഇന്ത്യയും അമേരിക്കയും തമ്മിൽ നിലവിലുള്ള 'കുറ്റവാളികളെ കൈമാറാൻ' (എക്സ്ട്രഡീഷൻ) നിയമമനുസരിച്ച് ഇത്തരമൊരു കേസ് സാദ്ധ്യമാണോയെന്നാണ് സൊറാബ്ജി ചോദിച്ചത്. (കുറ്റവാളികളുടെ മേലുള്ള കേസിന്റെ ഗൗരവവും അതുവഴി ശിക്ഷയും കുറയ്ക്കണമെന്ന് ആവശ്യപ്പെടുന്ന ആദ്യത്തെ സർക്കാർ വക്കീലാകും സൊറാബ്ജി!) ഇതു സംബന്ധിച്ച് അമേരിക്കൻ സർക്കാർ ഇന്ത്യക്കു നൽകിയ കത്തിന്റെ അടിസ്ഥാനത്തിലാണ് സൊറാബ്ജി ഇതു ചെയ്തത് എന്ന് അറിയുന്നു. (ആന്റേഴ്സൺ ഈ ഇളവിനർഹനല്ലെന്നതാണ് തന്റെ നിലപാടെന്ന് 2002 ജനുവരി 18ലെ ഫ്രന്റ്ലൈൻ പ്രസിദ്ധീകരണത്തിനു നൽകിയ ഇന്റർവ്യൂവിൽ സൊറാബ്ജി പറഞ്ഞിരുന്നതാണും). അമേരിക്കയെ പിണക്കാതിരിക്കുന്നതിന് പ്രത്യേകിച്ചും സെപ്റ്റംബർ 11നു ശേഷം) എന്തും ചെയ്യാൻ തയ്യാറായ ഒരു സർക്കാരിന്റെ നയമാണിത്. നാട്ടുകാർ കുറേ ചത്താലും ഇവിടെ പ്രശ്നമാകുന്നില്ല.

ഇതിനെതിരായി ഭോപ്പാൽ ദുരന്തത്തിൽപ്പെട്ടവരുടെ സംഘടനകൾ കോടതിയെ സമീപിച്ചിട്ടുണ്ട്. ഇവരുടെ നിലവിളികൾ അവഗണിച്ചു കൊണ്ടാണ് ആന്റേഴ്സണേയും കൂട്ടരേയും സഹായിക്കുന്നത്. ആന്റേഴ്സൺ പോലും ഇങ്ങനെയൊരാവശ്യമുന്നയിച്ചിരുന്നില്ല! ഈ ഔദാര്യത്തിന് അടിമത്തമെന്നല്ലാതെ മറ്റെന്തു പേർ നൽകണം?